**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4825** **01-11-2021 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ പുരോഗതി റീച്ച് അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | ഓരോ റീച്ചിലും പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് മുമ്പായി ചെയ്തുതീർക്കാനുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനായി ഭൂമിയുടെ ഉടമകളിൽ എത്ര ശതമാനം പേരിൽ നിന്ന് മുൻകൂർ സമ്മതപത്രം വാങ്ങേണ്ടതുണ്ടെന്ന് വിശദമാക്കാമോ? | (സി) | തീരദേശ ഹൈവേയ്ക്ക് പണം നൽകിയാണ് സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരമുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായാൽ മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

4825

# അനുബന്ധം

| ക്രമ നം. | റീച്ച് | കി.മീ | പുരോഗതി | തുടർ നടപടി |
|---|---|---|---|---|
| 1 | കൊയിലാണ്ടി ഫിഷിംഗ് ഹാർബർ - മുതയം ബീച്ച് | 6.8 | ഡി.പി.ആർ തയ്യാറാക്കുന്നതിനായി കൺസൽട്ടൻസിയെ തിരഞ്ഞെടുക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. കൺസൽട്ടന്റിന് 6 മാസ കാലാവധി ആണ് നിശ്ചയിച്ചിട്ടുള്ളത്. ഡി.പി.ആർ ലഭ്യമാകുന്നയുടൻ സാമ്പത്തികാനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. | സാമ്പത്തികാനുമതി ലഭിച്ച ശേഷം സാങ്കേതിക അനുമതി നൽകുന്നതിനും തുടർന്ന് ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2 | മുതയം ബീച്ച് - കൊടിക്കൽ | 4.0 | പി.ഡബ്ല്യു.ഡി -എൻ.എച്ച് ഡിവിഷൻ, കോഴിക്കോട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡി.പി.ആർ തയ്യാറാക്കി വരുന്നു. | സാമ്പത്തികാനുമതി ലഭിച്ച ശേഷം സാങ്കേതിക അനുമതി നൽകുന്നതിനും തുടർന്ന് ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 3 | കൊടിക്കൽ - കൊളവിപ്പാലം | 7.8 | 26.02.2021 തീയതിയിലെ ഉത്തരവ് നമ്പർ PWD014-14/APR-5/2021/KIIFB പ്രകാരം 64.47 കോടി രൂപയ്ക്ക് സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ സാമ്പത്തികാനുമതി ലഭിച്ചു. പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച ജോയിന്റ് ഇൻസ്പെക്ഷൻ നടപടികൾ പൂർത്തീകരിച്ചു. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കണ്ടിൻജൻസി ചാർജ് 16.08.2021 ൽ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. | സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് ടി.എസ് എസ്റ്റിമേറ്റ് ലഭ്യമാക്കി ടെക് നിക്കൽ കമ്മിറ്റി പരിഗണിച്ച ശേഷം പരിശോധന നടത്തി സാങ്കേതികാനുമതി നൽകുന്നതാണ്. തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 4 | കൊളവിപ്പാലം - കൊട്ടക്കൽ കടവ് | 2.8 | ഡി.പി.ആർ 18.03.2021 ന് കിഫ്ബിയിൽ സമർപ്പിച്ചു. | സാമ്പത്തികാനുമതി ലഭിച്ച ശേഷം സാങ്കേതിക അനുമതി നൽകുന്നതിനും തുടർന്ന് ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 5 | കുഞ്ഞാലി മരക്കാർ പാലം (സാന്റ്ബാങ്ക്സ് മുതൽ കോട്ടക്കൽ കടവ് വരെ) | 0.5 | 01.12.2020 തീയതിയിലെ ഉത്തരവ് നമ്പർ PWD014-15/APR-5/2020/KIIFB പ്രകാരം സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 49.77 കോടി രൂപയ്ക്ക് കിഫ് ബി സാമ്പത്തിക അനുമതി ലഭിച്ചു. പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച റവന്യൂ വകുപ്പുമായുള്ള ജോയിന്റ് ഇൻസ് പെക്ഷൻ നടപടികൾ പൂർത്തീകരിച്ചു. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കണ്ടിൻജൻസി ചാർജ് 31.08.2020 ൽ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. | സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് ടി.എസ് എസ്റ്റിമേറ്റ് ലഭ്യമാക്കി ടെക് നിക്കൽ കമ്മിറ്റി പരിഗണിച്ച ശേഷം പരിശോധന നടത്തി സാങ്കേതികാനുമതി നൽകുന്നതാണ്. തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |